# KTET 2020 DECEMBER


## CATEGORY-I

## PART - 1


## Child Development and Pedagogy


## Question Numbers 1 to 30

1. താഴെക്കൊടുത്ത കൂട്ടങ്ങളിൽ സാമീപ്യ നിയമത്തിന് (Law of proximity) സമാനമായ കൂട്ടം ഏത് ?

(A) 

(B) 

(C) 

(D) 

2. "ഗൃഹപാഠം ചെയ്യാതെ ഏഴാം പിരിയേഡിൽ കളിക്കാൻ വിടുന്നതല്ല." രാധ ടീച്ചർ പറഞ്ഞു. ഇതുകേട്ട നിമിഷം തന്നെ ചില കുട്ടികൾ നോട്ടുപുസ്തകത്തിൽ എഴുതിത്തുടങ്ങി. ഇവിടെ ടീച്ചർ പ്രയോഗിച്ച പഠനതന്ത്രം ഏത് ?

(A) ധനപ്രബലനം (Positive reinforcemnt)

(B) സന്നദ്ധതാനിയമം (Law of readiness)

(C) ഋണ പ്രബലനം (Negative reinforcement)

(D) ഫലനിയമം (Law of effect)

3. താഴെക്കൊടുത്തവയിൽ റോബർട്ട് ജെ.ഹാവിഗസ്റ്റിന്റെ വികസന പ്രവൃത്തിയിൽ

(Developmental Task) ഉൾപ്പെടാത്തത് ഏത് ?

(A) സൗന്ദര്യാത്മക ശക്തി (Aesthetic force)

(B) ശാരീരിക പരിപക്വണം (Physical maturation)

(C) മൂല്യങ്ങളും താല്പര്യങ്ങളും (Values and aspirations)

(D) സാംസ്കാരിക സമ്മർദ്ദം (Cultural pressure)

4. മിക്ക അധ്യാപകരും വൈകി വരുന്നവരെ ക്ലാസിനു പുറത്തു നിർത്തുന്നു. എന്നാൽ എന്നും വൈകി വരുന്ന സനീഷിനെ, ശാരി ടീച്ചർ ക്ലാസ്സിൽ നിന്നും പുറത്താക്കുന്നതിനു പകരം അവന്റെ അടിസ്ഥാന ആവശ്യങ്ങൾ പരിഹരിക്കുന്നതിനുള്ള കാര്യങ്ങൾ മനസ്സിലാക്കി ക്ലാസ്സിൽ കയറ്റി. അധ്യാപികയുടെ ഈ പ്രവൃത്തി ഏത് മനഃശാസ്ത്രജ്ഞന്റെ കാഴ്ചപ്പാടുമായി ബന്ധപ്പെട്ടിരിക്കുന്നു ?


(A) അബ്രഹാം മാസ്‌ലോ

(B) കാൾ റോജേഴ്സ്

(C) ലവ് വൈഗോട്സ്കി

(D) ജറോം എസ്. ബ്രൂണർ

5. സോഷ്യോഗ്രാം ഉപയോഗിച്ച് കുട്ടികളെ വിശകലനം ചെയ്തപ്പോൾ, അമ്പിളി ടീച്ചർക്ക് ലഭിച്ച ചിത്രീകരണം താഴെ കൊടുത്തതുപോലെയായിരുന്നു. ഇത് ഏത് തരം ബന്ധത്തെയാണ് സൂചിപ്പിക്കുന്നത്?




(A) ക്ലിക്കുകൾ (Cliques)

(B) ഗ്യാങ്ങുകൾ (Gangs)

(C) സ്റ്റാർ (Stars)

(D) ദ്വന്ദ്വങ്ങൾ (Twins)

6. പോഷക പഠനം,(Enrichment programmes) ശീഘ്രമുന്നേറ്റം (Rapid advancement) വേറിട്ട ക്ലാസുകൾ (Seperate class) ഇരട്ടക്കയറ്റം (Double promotion) എന്നീ പരിപാടികൾ ഏത് തരം കുട്ടികൾക്കാണ് ഏറ്റവും അനുയോജ്യമായിട്ടുള്ളത് ?

(A) സർഗ്ഗപരതയുള്ള കുട്ടികൾ (Creative children)

(B) പ്രതിഭാശാലികൾ (Gifted children)

(C) പിന്നാക്കം നിൽക്കുന്ന കുട്ടികൾ (Backward children)

(D) ശാരീരിക വൈകല്യമുള്ളവർ (Physically handicapped children)

7. വിദ്യാലയത്തിൽ നിരന്തരമായി മോഷണം നടത്തുന്ന കുട്ടിയെ സ്കൂളിൽനിന്ന് പുറത്താക്കണമെന്ന് പി.ടി.എ ആലോചിച്ചപ്പോൾ അവന്റെ കുടുംബ പശ്ചാത്തലം മനസ്സിലാക്കി ശിക്ഷനൽകാതെ, നീതിയും സമത്വവും പരിഗണിച്ച് തുടർ പഠനത്തിന് അവസരം നൽകി. അധ്യാപകന്റെ ഈ പ്രവൃത്തി കോൾബർഗിന്റെ ഏത് നൈതിക വികാസ ഘട്ടവുമായി (moral development) ബന്ധപ്പെട്ടിരിക്കുന്നു ?

(A) ശിക്ഷയും അനുസരണയും (Punishment and Obedience)

(B) സാർവ്വജനീന സദാചാര തത്വം (Uviversal Ethical Principle)

(C) സാമൂഹിക സുസ്ഥിതി പാലനം (Law andd Order Orientation)

(D) സാമൂഹിക വ്യവസ്ഥനിയമ പരം (Social Contract Orientation)

8. തലയണയെ തന്റെ കൂട്ടുകാരിയായി സങ്കൽപ്പിച്ച് സംഭാഷണം നടത്തുന്ന കുട്ടി, പിയാഷെയുടെ കാഴ്ചപ്പാടിൽ ഏത് മാനസിക കഴിവുകളുടെ പൂർത്തീകരണമാണ് നടത്തുന്നത് ?

(A) അഹം കേന്ദ്രീകൃതചിന്ത (Egocentric thought)

(B) സചേതനത്വം (Animism)

(C) പ്രതീകാത്മക ചിന്തനം (Symbolic thought)

(D) കേന്ദ്രീകരണം (Centration)

9. താഴെക്കൊടുത്തവയിൽ സമീപന (approach) - വർജ്ജന (avoidance) - സംഘർഷത്തിന് യോജിച്ച ഉദാഹരണം ഏത് ?

(A) കളിക്കാൻ കൂട്ടുകാരോടൊപ്പം പോവുകയും വേണം,ടി.വി.-യിൽ ക്രിക്കറ്റ് കാണുകയും വേണം

(B) വയറുവേദനയാണെന്നു പറഞ്ഞ് സ്കൂളിൽ പോയില്ലെങ്കിൽ അച്ഛന്റെ അടിയും സ്കൂളിൽ നിന്ന് ടീച്ചറിന്റെ ശിക്ഷയും കിട്ടും

(C) കമ്പ്യൂട്ടറിൽ ഗെയിം കളിക്കുകയും വേണം, കാർട്ടൂൺ കാണുകയും വേണം

(D) ഇഷ്ടമില്ലാത്ത ടീച്ചറുടെ ഓൺലൈൻ ക്ലാസ് കാണുകയും വേണം, ഫുട്ബോൾ കളിക്കാൻ പോവുകയും വേണം

10. സിഗ്മണ്ട് ഫ്രോയിഡിന്റെ സിദ്ധാന്തമായ മനോ-ലൈംഗിക വികാസ ഘട്ടത്തിൽ (psycho-sexual development) പിതൃ കാമനയും (Electra Complex) മാതൃ കാമന (Oedipus Complex) -യുമെന്ന സവിശേഷതകൾ കാണപ്പെടുന്ന ഘട്ടം ഏത് ?

(A) ജനനേന്ദ്രിയ ഘട്ടം (Genital Stage)

(B) നിർലീന ഘട്ടം (Latency Stage)

(C) ലിംഗ ഘട്ടം (Phallic Stage)

(D) ഗുദ ഘട്ടം (Anal Stage)

11. ചില പ്രസ്താവന താഴെ കൊടുത്തിരിക്കുന്നു:

(a) ബാഹ്യാഭിപ്രേരണ (Extrinsic motivation) സമ്മാനങ്ങൾ കൊണ്ടോ അംഗീകാരങ്ങൾ കൊണ്ടോ നിയന്ത്രിക്കപ്പെടുന്നില്ല

(b) സ്വയം പ്രചോദിതമായി ഉള്ളിൽ നിന്നും രൂപപ്പെട്ടു വരുന്നതാണ് ആന്തരികാഭിപ്രേരണ (Intrinsic motivation)

(c) ബാഹ്യാഭിപ്രേരണ, ആന്തരികാഭിപ്രേരണക്ക് കാരണമാകുന്നില്ല

(d) ബാഹ്യാഭിപ്രേരണ, ആന്തരികാഭിപ്രേരണക്ക് ചിലപ്പോൾ കാരണമായിത്തീരുന്നു.

ഇവയിൽ അഭിപ്രേരണയുമായി ബന്ധപ്പെട്ട ഏറ്റവും ശരിയായ പ്രസ്താവനകൾ ഏത് ?

(A) (a), (b) ശരിയാണ്

(B) (a), (c) ശരിയാണ്

(C) (b), (d) ശരിയാണ്

(D) എല്ലാം ശരിയാണ്

12. ________ വിലയിരുത്തുന്നതിന് തീമാറ്റിക് അപ്പർസെപ്ഷൻ ടെസ്റ്റ് (TAT) ഉപയോഗിക്കുന്നു

(A) ഓർമ്മ (Memory)

(B) വ്യക്തിത്വം (Personality)

(C) ബുദ്ധി (Intelligence)

(D) അഭിക്ഷമത (Aptitude)

13. ഒരു വ്യക്തിയുടെ വികാസത്തിൽ സ്വാധീനിക്കുന്ന പ്രധാനപ്പെട്ട പാരമ്പര്യ ഘടകങ്ങൾ ശരിയായത് ഏത് ?

(A) ലിംഗഭേദം, പോഷകാഹാരം, ജനനക്രമം, വംശം

(B) ഗ്രന്ഥികൾ, കുടുംബനിലവാരം, ലിംഗഭേദം, ജനനക്രമം

(C) ലിംഗഭേദം, വംശം, ഗ്രന്ഥികൾ, ജനനക്രമം

(D) ഗ്രന്ഥികൾ, ലിംഗഭേദം, വംശം, ബുദ്ധിശക്തി

14. ക്ലാസ് റൂം പ്രവർത്തനത്തിന്റെ ഭാഗമായുള്ള നിരീക്ഷണം, ക്ലാസ് ചർച്ചകൾ, വിദ്യാർത്ഥികളുടെ മടക്കധാരണ (feedback) എന്നിവ ഏത് വിലയിരുത്തലിന്റെ ഭാഗമാണ് ?

(A) പഠനത്തെ വിലയിരുത്തൽ (Assessment of learning)

(B) പഠനത്തിനായുള്ള വിലയിരുത്തൽ (Assessment for learning)

(C) പഠനം തന്നെ വിലയിരുത്തൽ (Assessment as learning)

(D) പഠനത്തെ ആന്തരികമായി വിലയിരുത്തൽ (Internal assessment of learning)

15. സംഗീത ടീച്ചർ ക്ലാസ്സിലെ ആറ് ഗ്രൂപ്പുകളിൽ ഒരു ലേഖന ഭാഗം നൽകി. ഗ്രൂപ്പുകളോട്

പരസ്പരം ചോദ്യങ്ങൾ ഉന്നയിക്കാനും ആശയങ്ങൾ ചുരുക്കുന്നതിനും ചില ഭാഗങ്ങൾ വിശദീകരിക്കുന്നതിനും ഇനിയെന്ത് സംഭവിക്കും എന്നതിനെക്കുറിച്ച് അഭിപ്രായം പറയുന്നതിനും അവസരം നൽകി എങ്കിൽ ടീച്ചർ ഇവിടെ സ്വീകരിച്ച തന്ത്രം എന്ത് ?

(A) കണ്ടെത്തൽ പഠനം (Discovery learning)

(B) ആശയാദാന മാതൃക (Concept attainment model)

(C) സംവാദാത്മക പഠനം (Dialogical learning)

(D) പ്രതിക്രിയാധ്യാപനം (Reciprocal teaching)

16. "പെൺ കുട്ടികൾക്ക് ക്ലാസ് അടിച്ചു വൃത്തിയാക്കുന്ന പണിയാണ് കൂടുതൽ നല്ലത്. ആൺ കുട്ടികൾ ഡസ്കും ബെഞ്ചും മാറ്റിയിടട്ടെ." ക്ലാസ് ടീച്ചർ പറഞ്ഞു. ടീച്ചറുടെ ഈ പ്രസ്താവന എന്തിനെ സൂചിപ്പിക്കുന്നു ?

(A) ജെന്റർ സ്റ്റീരിയോടൈപ്പ്

(B) ജെന്റർ ഡിസ്ക്രിമിനേഷൻ

(C) ജെന്റർ ബയാസ്

(D) ജെന്റർ ഐഡന്റിറ്റി

17. താഴെക്കൊടുത്തിരിക്കുന്നവയിൽ കാൾ റോജേഴ്സിന്റെ വ്യക്തിത്വ സിദ്ധാന്ത കാഴ്ചപ്പാടുകളിൽ പരിഗണിക്കുന്ന ആശയങ്ങൾ ഏതെല്ലാം?

(A) ആത്മസാക്ഷാത്കാരം (Self-actualisation), ആദർശാത്മക അഹം (Ideal Self), യാഥാർത്ഥ്യാധിഷ്ഠിത അഹം (Real Self)

(B) ആദർശാത്മക അഹം (Ideal Self), നിരുപാധിക പരിഗണന (Unconditional Positive Regard), യാഥാർത്ഥ്യാധിഷ്ഠിത അഹം (Real Self)

(C) ആദർശാത്മക അഹം (Ideal Self), പക്വവ്യക്തിത്വം (Matured Personality), നിരുപാധിക പരിഗണന (Unconditional Positive Regard)

(D) പക്വവ്യക്തിത്വം (Matured Personality), ആദർശാത്മക അഹം (Ideal Self), നിരുപാധിക പരിഗണന (Unconditional Positive Regard)

18. വികാസ തത്വങ്ങളിൽപ്പെടാത്തത് ഏത് ?

(A) വികാസം ക്രമീകൃതമാണ്

(B) വികാസം വിശേഷണത്തിൽ നിന്നും സാമാന്യത്തിലേക്ക് കടക്കുന്നു

(C) വികാസം പ്രവചനീയമാണ്

(D) വികാസം സഞ്ചിത സ്വഭാവത്തോടു കൂടിയതാണ്

19. രമേശ് മാഷ്, ക്ലാസ്സിൽ ഗ്രൂപ്പ് പ്രവർത്തനങ്ങളും അനുഭവങ്ങൾ പങ്കു വെക്കുന്നതിനുള്ള പ്രവർത്തനങ്ങളും നൽകി. കുട്ടികളുടെ ഏത് തരം ബുദ്ധി വർദ്ധിപ്പിക്കാനാണ് ഈ പ്രവർത്തനം സഹായിക്കുക ?

(A) ആന്തരിക വൈയക്തിക ബുദ്ധി (Intra-personal intelligence)

(B) ശാരീരിക ചലനപരമായ ബുദ്ധി (Bodily kinaesthetic intelligence)

(C) ഭാഷാപരമായ ബുദ്ധി (Linguistic intelligence)

(D) വ്യക്ത്യാന്തര ബുദ്ധി (Inter-personal intelligence)

20. താഴെപ്പറയുന്നവയിൽ മന്ദപഠിതാക്കളെ (slow learners) പഠിപ്പിക്കുന്നതിന് നൽകുന്ന നിർദ്ദേശങ്ങളിൽപ്പെടാത്തത് ഏത് ?

(A) വിജയകരമായി പൂർത്തിയാക്കാവുന്ന ചെറിയ പഠന പ്രവർത്തനങ്ങൾ നൽകുക

(B) വെല്ലുവിളി ഉയർത്തുന്ന പഠന പ്രവർത്തനങ്ങൾ നൽകുക

(C) ചെറുതും ക്രമീകൃതവുമായ പാഠഭാഗങ്ങൾ നൽകുക

(D) പാഠഭാഗങ്ങൾ ചെറിയ ഭാഗങ്ങളായി നൽകി, ഓരോ ഘട്ടത്തിലും മടക്കധാരണ (feedback) നൽകുക.

21. നിരീക്ഷണ പഠന സിദ്ധാന്തത്തിന്റെ (theory of observational learning) ശരിയായ പ്രക്രിയാഘട്ടങ്ങൾ ഏത് ?

(A) മാതൃകനൽകൽ (Modelling), ശ്രദ്ധ (Attention), ചാലക പ്രകടനം (Motor reproduction), നിലനിർത്തൽ (Retention)

(B) ശ്രദ്ധ (Attention), മാതൃകനൽകൽ (Modelling), ചാലക പ്രകടനം (Motor reproduction), പ്രബലനം (Reinforcement)

(C) ചാലക പ്രകടനം (Motor reproduction), നിലനിർത്തൽ (Retention), മാതൃക നൽകൽ (Modelling), ശ്രദ്ധ (Attention)

(D) മാതൃകനൽകൽ (Modelling), ശ്രദ്ധ (Attention), നിലനിർത്തൽ (Retention), ചാലക പ്രകടനം (Motor reproduction)

22. വ്യക്തിക്ക് സന്ദർഭത്തിനനുസരിച്ച് പെരുമാറാനും സാഹചര്യങ്ങൾ തനിക്ക് അനുകൂലമാക്കാനും കഴിയുന്ന ബുദ്ധിയെന്ന് റോബർട്ട് ജെ. സ്റ്റേൺബർഗ് വിശേഷിപ്പിക്കുന്ന ബുദ്ധിയുടെ ഘടകം ഏതെന്ന് കണ്ടെത്തുക

(A) കോംപൊണെൻഷ്യൽ ഇന്റലിജൻസ്

(B) എക്സ്പീരിയെൻഷ്യൽ ഇന്റലിജൻസ്

(C) കോൺടെക്സ്ച്വൽ ഇന്റലിജൻസ്

(D) ക്രിസ്റ്റലൈസ്ഡ് ഇന്റലിജൻസ്

23. താഴെക്കൊടുത്തിരിക്കുന്ന ആശയങ്ങൾ പരിഗണിക്കുക :

(a) ആശയാദാനമാതൃക

(b) പ്രതിക്രിയാദ്ധ്യാപനം

(c) സംവാദാത്മക പഠനം

(d) കണ്ടെത്തൽ പഠനം

ഇവയിലേതാണ് ജറോം എസ്. ബ്രൂണറിന്റെ ആശയവുമായി ബന്ധപ്പെട്ടിരിക്കുന്നത് ?

(A) (a), (b) ശരിയാണ്

(B) (b), (c) ശരിയാണ്

(C) (a), (d) ശരിയാണ്

(D) എല്ലാം ശരിയാണ്

24. പ്രത്യേക പരിഗണന അർഹിക്കുന്നവർക്കു വേണ്ടിയുള്ള നിയമങ്ങളിൽപ്പെടാത്തത് ഏതാണെന്ന് എഴുതുക

(A) ഹ്യൂമൻ റൈറ്റ് ആക്ട്

(B) മെന്റൽ ഹെൽത്ത് ആക്ട്

(C) പേഴ്സൺ വിത്ത് ഡിസെബിലിറ്റീസ് ആക്ട്

(D) നാഷണൽ ട്രസ്റ്റ് ആക്ട്

25. താഴെക്കൊടുത്ത പ്രസ്താവനയിൽ വായന വൈകല്യവുമായി (dyslexia) ബന്ധപ്പെടാത്തത് ഏത് ?

(A) വായിക്കുമ്പോൾ ചില പദങ്ങൾ വിട്ടു വായിക്കുന്നു

(B) നിർത്തേണ്ടിടത്ത് നിർത്താതെ വായിക്കുന്നു

(C) ഒന്നോ രണ്ടോ വരികൾ വിട്ടു വായിക്കുന്നു

(D) അർത്ഥം മനസ്സിലാക്കാതെ വായിക്കുന്നു

26. താഴെക്കൊടുത്ത പ്രസ്താവനകളിൽ വൈകാരികബുദ്ധിയുടെ (Emotional Intelligence) നിർവ്വചനമായി കണക്കാക്കാവുന്നത് ?

(A) വൈകാരികാവസ്ഥയെ ബുദ്ധിപരമായി നിയന്ത്രിക്കാനുള്ള കഴിവ്

(B) സ്വയം പ്രചോദിതമാവുക

(C) തന്റെയും മറ്റുള്ളവരുടെയും വൈകാരികാവസ്ഥ മനസ്സിലാക്കാനുള്ള കഴിവ്

(D) മുകളിൽ പറഞ്ഞവയെല്ലാം

27. താഴെക്കൊടുത്തവയിൽ ശരിയായ ജോഡി ഏത് ?

(A) ഉൾക്കാഴ്ച പഠനം – ഇ.എൽ.തോൺഡൈക്ക്

(B) പ്രതികരണ ചോദകം – ബി.എഫ്. സ്കിന്നർ

(C) ക്രമീകൃത ബോധനം – വുൾഫ് ഗാങ് കോഹ്ളർ

(D) പ്രതികരണ ചോദകം – ഇവാൻ പാവ്‌ലോവ്

28. ജെ.പി.ഗിൽഫോഡിന്റെ ബുദ്ധിഘടനാമാതൃകയിലെ (Structure of Intellect Model) ശരിയായ അടിസ്ഥാന ഘടകങ്ങൾ ഏതാണ് ?

(A) ഉല്പന്നങ്ങൾ (Products),
പ്രക്രിയകൾ (Operations),
ഏകകങ്ങൾ (Units)

(B) പ്രക്രിയകൾ (Operations),
ഉള്ളടക്കം (Contents),
ഉല്പന്നങ്ങൾ (Products)

(C) ഉള്ളടക്കം (Contents),
ഉല്പന്നങ്ങൾ (Products),
വിഭാഗങ്ങൾ (Classes)

(D) പ്രക്രിയകൾ (Operations),
ഉള്ളടക്കം (Contents),
ബന്ധങ്ങൾ (Relations)

29. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ (children with special needs) എന്ന കാഴ്ചപ്പാടിന് ഏറ്റവും യോജിച്ചത് ഏത്?

(A) ബുദ്ധിപരമായി പരിമിതി ഉള്ളവർ

(B) പഠനത്തിൽ പിന്നാക്കം നിൽക്കുന്നവർ

(C) മറ്റുകാരണങ്ങളാൽ സമപ്രായക്കാരേക്കാൾ ശ്രദ്ധയും പരിഗണനയും ലഭിക്കേണ്ടവർ

(D) ശാരീരിക, മാനസിക വൈകല്യമുള്ളവർ

30. തീവ്രമായ കരച്ചിൽ, നഖം കടിക്കൽ, തുള്ളിച്ചാടൽ എന്നിവ ശിശുവികാര പ്രതികരണങ്ങളാണ്. ഇവയെല്ലാം താഴെപ്പറയുന്ന ഏത് ശിശുവികാരങ്ങളുടെ പ്രത്യേകതകളിൽ പെടുന്നു ?

(A) വൈകാരിക ദൃശ്യത (Detectability)

(B) ചഞ്ചലത (Transitoriness)

(C) ആവൃത്തി (Frequent)

(D) സംക്ഷിപ്തത (Briefness)

# PART - 1
## Mathematics
## Question Numbers 31 to 60

31. താഴെ കൊടുത്തിരിക്കുന്നവയിൽ ഒരു അഭാജ്യ സംഖ്യ ഏത് ?

(A) 51

(B) 49

(C) 117

(D) 47

32. പ്രൈമറി തലത്തിലെ ഗണിത പഠനത്തിന്റെ ഉള്ളടക്കമേഖലയിൽ ഉൾപ്പെടാത്തത് :

(A) സംഖ്യാബോധം

(B) ജ്യാമിതി

(C) സമയം

(D) അഭിന്നകം

33. താഴെ കൊടുത്തിരിക്കുന്ന അളവുകളിൽ ഒരു മട്ടത്രികോണത്തിന്റെ വശങ്ങൾ അല്ലാത്തത് ഏത് ?

(A) 3 സെ.മീ., 4 സെ.മീ., 5 സെ.മീ.

(B) 6 സെ.മീ., 8 സെ.മീ., 10 സെ.മീ.

(C) 5 സെ.മീ., 12 സെ.മീ., 13 സെ.മീ.

(D) 9 സെ.മീ., 12 സെ.മീ., 18 സെ.മീ.

34. ഒരു കലണ്ടറിൽ ഒരു സമചതുരത്തിൽ വരുന്ന 9 സംഖ്യകൾ അക്ഷരങ്ങൾ കൊണ്ട് രേഖപ്പെടുത്തിയിരിക്കുന്നു

| | | |
|---|---|---|
| A | B | C |
| D | E | F |
| G | H | I |

A + I = 38 ആയാൽ A എത്ര ആയിരിക്കും ?

(A) 19

(B) 11

(C) 15

(D) 18

35. തുടർച്ചയായ രണ്ട് എണ്ണൽ സംഖ്യകളുടെ വർഗ്ഗങ്ങളുടെ വ്യത്യാസം 51 ആണ്.എങ്കിൽ

അവയുടെ തുക എത്രയായിരിക്കും ?

(A) 51

(B) $\sqrt{51}$

(C) $51^2$

(D) 102

36. 2, 5, 11, 23, ...... എന്നിങ്ങനെ തുടർന്നാൽ തൊട്ടടുത്ത സംഖ്യ ഏത് ?

(A) 47

(B) 34

(C) 57

(D) 42

37. ഗണിതത്തിലെ ഒരു ഭാഗം പഠിപ്പിക്കുന്നതിന് ഒരു ക്ലാസ് എങ്ങനെ ആരംഭിക്കുന്നതാണ് ഏറ്റവും ഫലപ്രദം ?

(A) പഠന ലക്ഷ്യങ്ങളെക്കുറിച്ച് ചർച്ച ചെയ്തുകൊണ്ട്

(B) മുൻ അറിവിനെക്കുറിച്ച് ചർച്ച ചെയ്തുകൊണ്ടും കുട്ടിയിൽ താല്പര്യമുളവാക്കുന്ന പ്രവർത്തനങ്ങളിലൂടെ പ്രചോദനം നൽകിക്കൊണ്ടും

(C) ചിട്ടയായ രീതിയിൽ പഠനവസ്തുതകളുടെ അവതരണം നടത്തിക്കൊണ്ട്

(D) പാഠഭാഗത്തെക്കുറിച്ചുള്ള പ്രധാനപ്പെട്ട എല്ലാ ആശയങ്ങളും നിരനിരയായി ബ്ലാക്ക് ബോർഡിൽ എഴുതിയിട്ടുകൊണ്ട്

38. p, q, r, s എന്നിവ നാല് അധിസംഖ്യകളാണ്. കൂടാതെ $p+q=r+s$ ഉം $pr+ps+qr+qs=100$ ഉം ആണെങ്കിൽ $p+q$ എത്ര ?

(A) 10

(B) 20

(C) 25

(D) 50

39. ഒരു കച്ചവടക്കാരൻ 450 രൂപയ്ക്ക് വാങ്ങിയ പുസ്തകം 540 രൂപയ്ക്ക് വിറ്റാൽ എത്ര ശതമാനം ലാഭം കിട്ടും ?

(A) 20%

(B) 30%

(C) 15%

(D) 18%

40. 3, –3, 3, –3, ..... എന്ന ശ്രേണിയുടെ ആദ്യത്തെ 101 പദങ്ങളുടെ തുക എത്ര ?

(A) 0

(B) 3

(C) -3

(D) 303

41. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയല്ലാത്ത പ്രസ്താവന ഏത് ?

(A) ആവർത്തന സങ്കലനമാണ് ഗുണനം

(B) എല്ലാ ഭിന്നകങ്ങളും പൂർണ്ണസംഖ്യകളാണ്

(C) ആവർത്തന വ്യവകലനമാണ് ഹരണം

(D) ഭിന്നസംഖ്യയെ സൂചിപ്പിക്കുവാനുള്ള മറ്റൊരു രീതിയാണ് ദശാംശം

42. കഴിഞ്ഞ വർഷം 6500 രൂപ വിലയുണ്ടായിരുന്ന ഒരു സൈക്കിളിന്റെ വില ഈ വർഷം 8% കുറഞ്ഞു. സൈക്കിളിന്റെ ഇപ്പോഴത്തെ വിലയെ സൂചിപ്പിക്കുന്നത് ഏത് ?

(A) $6500 - \frac{8}{100}$

(B) $6500 + 6500 \times \frac{8}{100}$

(C) $6500 \times \frac{92}{100}$

(D) $6500 - 6500 \times \frac{92}{100}$

43. താഴെ കൊടുത്തിരിക്കുന്നവയിൽ തുറന്ന ചോദ്യങ്ങളുടെ പ്രത്യേകത അല്ലാത്തത് ഏത് ?

(A) പ്രശ്ന നിർദ്ധാരണത്തിന് വ്യത്യസ്ത വഴികൾ ഉണ്ട്.

(B) കുട്ടിയുടെ ചിന്തയ്ക്ക് ഊന്നൽ നൽകുന്നതാണ്

(C) ക്രിയാത്മകതയ്ക്ക് പ്രാധാന്യം നൽകുന്നില്ല

(D) ദത്തങ്ങൾ ശേഖരിക്കുവാനും അപഗ്രഥിക്കുവാനും കുട്ടിക്ക് അവസരം ലഭിക്കുന്നു

44. 8+8+8÷8 - ന് തുല്യമായത് ?

(A) 3

(B) 10

(C) 17

(D) 16

45. ലീലാവതി എന്ന ഗണിത ഗ്രന്ഥം യഥാർത്ഥത്തിൽ പ്രശസ്തമായ __________ ഗ്രന്ഥത്തിന്റെ ഒരു ഭാഗം മാത്രമാണ്

(A) ആര്യഭടീയം

(B) ബ്രഹ്മസ്ഫുടസിദ്ധാന്തം

(C) സിദ്ധാന്ത ശിരോമണി

(D) സൂത്രസിദ്ധാന്തം

46. a+b=15, ab=54 ആയാൽ $\frac{1}{a}+\frac{1}{b}$ - യുടെ വില എത്ര ?

(A) $\frac{5}{12}$

(B) $\frac{7}{12}$

(C) $\frac{5}{18}$

(D) $\frac{7}{18}$

47. $\frac{a}{6}=\frac{b}{4}=\frac{c}{5}$ ആയാൽ $\frac{a+b+c}{c}$ - യുടെ വില എത്ര ?

(A) 1

(B) 2

(C) 3

(D) 4

48. ഗണിതപഠനത്തിലൂടെ വിദ്യാർത്ഥികളിൽ അച്ചടക്കമൂല്യങ്ങൾ വികസിപ്പിക്കുവാൻ ഏറ്റവും അനുയോജ്യമായ പ്രവർത്തനം ഏതാണ് ?

(A) ഡയഗ്രങ്ങളും ഗ്രാഫുകളും നിർമ്മിക്കുക

(B) നിർവ്വചനങ്ങൾ എഴുതുക

(C) കണക്കു കൂട്ടലുകൾ നടത്തുക

(D) പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുക

49. തുടർച്ചയായ 25 എണ്ണൽസംഖ്യകളിൽ 13 -ാം സംഖ്യ 35 ആയാൽ സംഖ്യകളുടെ ആകെ ത്തുക എത്ര ?

(A) 455

(B) 325

(C) 875

(D) 675

50. ഒരു ഗണിത ക്ലാസ്സിൽ ടീച്ചർ സ്വീകരിക്കേണ്ട രീതി അല്ലാത്തത് ഏത് ?

(A) എല്ലാ പ്രശ്നങ്ങളും ടീച്ചർ സ്വയം നിർദ്ധാരണം ചെയ്തു നൽകുക

(B) ചിന്തോദ്ദീപക ചോദ്യങ്ങൾ നൽകുക

(C) പ്രശ്നങ്ങളുടെ ഉത്തരത്തിലെത്തി ചേരുവാൻ കുട്ടികളെ സഹായിക്കുക

(D) പ്രശ്നങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്യുവാൻ അവസരം നൽകുക

51. ഒക്ടോബർ 2 തിങ്കളാഴ്ചയാണെങ്കിൽ അതെ വർഷത്തെ നവംബർ 14 _________ ആഴ്ച

ആയിരിക്കും

(A) ബുധൻ

(B) തിങ്കൾ

(C) വ്യാഴം

(D) ചൊവ്വ

52. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതാണ് ഗണിത പാഠ്യപദ്ധതിയുടെ പ്രധാന സവിശേഷ തയായി ദേശീയ പാഠ്യ പദ്ധതി ചട്ടക്കൂട് 2005 - ൽ വിശേഷിപ്പിച്ചിരിക്കുന്നത് ?

(A) തത്ത്വങ്ങളും സൂത്രവാക്യങ്ങളും ഓർമ്മിക്കൽ

(B) പഠനത്തിന് ധാരാളം അഭ്യാസ പ്രവർത്തനങ്ങൾ നൽകൽ

(C) ചിന്തയുടെ ഗണിതവൽക്കരണത്തിന് അവസരം നൽകൽ

(D) ധാരാളം ഗൃഹപാഠം നൽകൽ

53. x ഉം y ഉം രണ്ട് ഒറ്റസംഖ്യകളായാൽ ചുവടെ കൊടുത്തിരിക്കുന്നവയിൽ ഇരട്ട സംഖ്യ ആകുന്നത് ഏത് ?

(A) $x \times y$

(B) $x + y$

(C) $x \div y$

(D) $x^y$

54. ചുവടെ കൊടുത്തിരിക്കുന്നവയിൽ ശരിയായ പ്രസ്താവന ഏത് ?

(A) $23.35 + 2.4 = 25.39$

(B) $\frac{5}{100} = 0.005$

(C) $0.1 \times 0.01 = 0.01$

(D) $45.36 = 45 + 0.3 + 0.06$

55. താഴെ കൊടുത്തിരിക്കുന്ന സംഖ്യാ പാറ്റേൺ പരിഗണിക്കുക

1

3 5

7 9 11

13 15 17 19

..........................................

........................................................

ഇങ്ങനെ തുടർന്നാൽ 6 -ാം വരിയിലെ സംഖ്യകളുടെ തുക കാണുക

(A) 216

(B) 200

(C) 441

(D) 250

56. 4 പേനയും 7 പെൻസിലിനും കൂടി വില 34 രൂപയാണ്. ഇതേ നിരക്കിൽ 7 പേനയും 4 പെൻസിലിനും വില 43 രൂപയായി. എങ്കിൽ ഒരു പേനയും ഒരു പെൻസിലിനും കൂടി വില എത്രയായിരിക്കും ?

(A) 11

(B) 7

(C) 15

(D) 8

57. ഒരാൾ തന്റെ സമ്പാദ്യത്തിന്റെ $\frac{1}{3}$ ഭാഗം മകനും $\frac{1}{2}$ ഭാഗം മകൾക്കും നൽകി. എങ്കിൽ ബാക്കി എത്ര ഭാഗം ഉണ്ട്?

(A) $\frac{1}{5}$

(B) $\frac{1}{6}$

(C) $\frac{2}{3}$

(D) $\frac{1}{4}$

58. ഒരു വാഹനം യാത്രയുടെ ആദ്യത്തെ 180 കിലോമീറ്റർ ദൂരം 30 കിലോമീറ്റർ/മണിക്കൂർ ദൂരം 60 കിലോമീറ്റർ/മണിക്കൂർ വേഗത്തിലും ആണ് സഞ്ചരിച്ചത്. മുഴുവൻ യാത്രയിലെ ശരാശരി വേഗം എത്ര ?

(A) 40 കിലോമീറ്റർ/മണിക്കൂർ

(B) 45 കിലോമീറ്റർ/മണിക്കൂർ

(C) 48 കിലോമീറ്റർ/മണിക്കൂർ

(D) 50 കിലോമീറ്റർ/മണിക്കൂർ

59. ഒരു നല്ല ഗണിതപാഠപുസ്തകത്തിനുള്ള സവിശേഷതകളിൽ ഉൾപ്പെടാത്തത് ?


(A) ഒരേ മാതൃകയിലുള്ള കൂടുതൽ ചോദ്യോത്തരങ്ങൾ ഉള്ളത്

(B) ആശയരൂപീകരണത്തിന് സഹായകമായത്

(C) സ്വയംപഠനം പ്രോത്സാഹിപ്പിക്കുന്നത്

(D) വ്യത്യസ്ത നിലവാരക്കാരെ പരിഗണിക്കുന്നത്

60. ചിത്രത്തിൽ O വൃത്തകേന്ദ്രവും A, B എന്നിവ വൃത്തത്തിലെ ബിന്ദുക്കളുമാണ്. $\angle OAB = 50^0$ ആയാൽ $\angle AOB$ -യുടെ അളവ് എത്ര ?




(A) $40^0$

(B) $50^0$

(C) $80^0$

(D) $100^0$

## PART - 1
## Environmental Studies
## Question Numbers 61 to 90

61. തന്നിരിക്കുന്നവയിൽ ആൽക്കലിയുടെ സ്വഭാവമല്ലാത്തത് ഏത് ?

(A) ചുവന്ന ലിറ്റ്മസിനെ നീലയാക്കുന്നു

(B) നീല ലിറ്റ്മസിനെ ചുവപ്പാക്കുന്നു

(C) ചവർപ്പുള്ള സ്വാദ്

(D) വഴുവഴുപ്പുള്ളത്

62. ദേശീയ പക്ഷി നിരീക്ഷണ ദിനം എന്നാണ്?

(A) ഒക്ടോബർ 16

(B) നവംബർ 19

(C) നവംബർ 12

(D) ഒക്ടോബർ 13

63. ദിക്കുകൾ തിരിച്ചറിയുന്നതിനുള്ള ഏറ്റവും അനുയോജ്യമായ പഠനതന്ത്രം ഏത് ?

(A) പരീക്ഷണം

(B) നിരീക്ഷണം

(C) ഗ്രൂപ്പ് ചർച്ച

(D) പ്രോജക്ട്

64. പഠനനേട്ടവുമായി ബന്ധമില്ലാത്തത് :

(A) ഹ്രസ്വകാലത്തിലൂടെയും ദീർഘകാലത്തിലൂടെയും നേടാവുന്ന പഠന നേട്ടങ്ങളുണ്ട്

(B) പാഠഭാഗം ആസൂത്രണം ചെയ്യുന്ന സമയത്താണ് പഠനനേട്ടങ്ങൾ തയ്യാറാക്കുന്നത്

(C) പഠനനേട്ടങ്ങൾ നിരീക്ഷിക്കാവുന്നതും അളക്കാവുന്നതുമാണ്

(D) പഠിതാവിന് ആർജിക്കാൻ കഴിയുന്ന അറിവും, ശേഷിയും, മനോഭാവവും മൂല്യങ്ങളും പഠനനേട്ടങ്ങളിലുൾപ്പെടുന്നു

65. കേരളത്തിന്റെയും _____________ ന്റെയും സംസ്ഥാന പക്ഷിയാണ് മലമുഴക്കി വേഴാമ്പൽ

(A) നാഗാലാന്റ്

(B) ആസ്സാം

(C) അരുണാചൽ പ്രദേശ്

(D) മിസോറാം

66. അന്വേഷണാത്മക പഠനത്തിൽ കൂടുതൽ എണ്ണം പ്രക്രിയാശേഷികളുടെ വികാസം സാധ്യമാകുന്ന ഘട്ടം ഏതാണ് ?

(A) പ്രശ്നം ഏറ്റെടുക്കുന്ന ഘട്ടം (Engage)

(A) അന്വേഷണ ഘട്ടം (Explore)

(A) കണ്ടെത്തൽ വിനിമയം ചെയ്യുന്ന ഘട്ടം (Explain)

(A) തുടർപ്രവർത്തന ഘട്ടം (Extend)

67. യുനസ്കോയുടെ ലോകപൈതൃക പട്ടികയിൽ ഇടം നേടിയ കേരളത്തിലെ പ്രാചീനമായ സംസ്കൃത നൃത്ത നാടക കലാരൂപം ഏത് ?

(A) കഥകളി

(B) തുള്ളൽ

(C) കൂടിയാട്ടം

(D) കേരളനടനം

68. പരിസരപഠനം കൈകാര്യം ചെയ്യുന്ന ടീച്ചർക്ക് പ്രാഥമികമായി വേണ്ടത് :

(a) പഠനപ്രക്രിയയിലുള്ള ധാരണ

(b) ഉള്ളടക്കത്തിൽ ഉയർന്ന തലത്തിലുള്ള ജ്ഞാനം

(c) അടിസ്ഥാന ആശയങ്ങളിലും വസ്തുതകളിലുമുള്ള ധാരണ

(A) (a) -യും (c) -യും

(B) (a) -യും (b) -യും

(C) (a) -യും (b) -യും (c) -യും

(D) (b) -യും (c) -യും

69. ട്രാഫിക്ക് സിഗ്നലുകളിൽ ചുവന്ന ലൈറ്റ് ഉപയോഗിക്കുന്നതിന് കാരണമെന്ത് ?

(A) തരംഗദൈർഘ്യം കൂടിയതു കൊണ്ടും വിസരണം കുറവായതു കൊണ്ടും

(B) തരംഗദൈർഘ്യവും വിസരണവും കുറവായതുകൊണ്ട്

(C) തരംഗദൈർഘ്യവും വിസരണവും കൂടിയതുകൊണ്ട്

(D) തരംഗദൈർഘ്യം കുറവും വിസരണം കൂടിയതുകൊണ്ടും

70. ആശയ ഭൂപടവുമായി യോജിക്കാത്തതേത്?

(A) ഒരു യൂണിറ്റിലെ പഠനാശയങ്ങളെ ക്രമീകരിക്കാൻ സഹായിക്കുന്നു

(B) ആശയങ്ങൾ തമ്മിലുള്ള പരസ്പരബന്ധം കാണിക്കുന്നു

(C) ആശയഭൂപടം ഒരു ത്രിമാന ചിത്രീകരണമാണ്

(D) പാഠഭാഗങ്ങളുടെ ആസൂത്രണത്തിനും പഠിതാവിനെ വിലയിരുത്തലിനും സഹായിക്കുന്നു

71. കേരളത്തിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന മണ്ണ് ഏത് ?

(A) കറുത്ത പരുത്തി മണ്ണ്

(B) വനമണ്ണ്

(C) എക്കൽ മണ്ണ്

(D) വെട്ടുകൽ മണ്ണ്

72. വിത്ത് മുളക്കുമ്പോൾ ആദ്യമായി പുറത്തുവരുന്ന ഭാഗം ഏതാണ് ?

(A) ബീജപാത്രം

(B) ബീജശീർഷം

(C) ബീജമൂലം

(D) ബീജാന്നം

73. ജലത്തിന്റെ സവിശേഷതകളിൽ ഉൾപ്പെടാത്തത് ഏത് ?

(A) ഒരു പോളാർ തന്മാത്രയാണ്

(B) കേശികത്വം

(C) ഉയർന്ന പ്രതലബലം

(D) കുറഞ്ഞ ആപേക്ഷിക താപം

74. താഴെ കൊടുത്തിരിക്കുന്നവയിൽ ഒരു ആശയമായി പരിഗണിക്കാവുന്നത് ഏത് ?

(A) പ്രകാശത്തിന് നേരെ സസ്യഭാഗങ്ങൾ വളയുന്നു

(B) സസ്യങ്ങളുടെ ഇലകൾക്ക് പച്ച നിറമാണ്

(C) ജലമുള്ള ഭാഗത്തേക്ക് സസ്യങ്ങളുടെ വേരുകൾ വളരുന്നു

(D) സസ്യങ്ങളുടെ വളർച്ചയ്ക്ക് പ്രകാശം ആവശ്യമാണ്

75. കോവിഡ് 19 രോഗത്തിന് കാരണമായ രോഗകാരി ഏത് ?

(A) SARS-CoV 1

(B) SARS-CoV 2

(C) MERS-CoV 1

(D) MERS-CoV

76. ശരിയായത് ഏത് ?

(A) ഖരപദാർത്ഥങ്ങളിൽ താപ കൈമാറ്റം നടക്കുന്നത് ചാലനത്തിലൂടെയും സംവഹനത്തിലൂടെയുമാണ്

(B) ദ്രാവകങ്ങളിൽ സംവഹനത്തിലൂടെയും വികിരണത്തിലൂടെയും താപ കൈമാറ്റം നടക്കുന്നുണ്ട്

(C) വികിരണത്തിലൂടെയുള്ള താപ പ്രേഷണത്തിന് മാധ്യമത്തിന്റെ ആവശ്യമില്ല

(D) സംവഹനത്തിൽ ഒരു തന്മാത്രയിൽ നിന്ന് അടുത്ത തന്മാത്രയിലേക്ക് താപം കൈമാറ്റം ചെയ്യുന്നു

77. കരക്കാറ്റുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏത് ?

(A) സമുദ്രത്തിനുമുകളിൽ കരയിലുള്ളതിനേക്കാൾ ഉയർന്ന അന്തരീക്ഷമർദ്ദം രൂപപ്പെട്ടു-മ്പോഴാണ് കരക്കാറ്റ് ഉണ്ടാവുന്നത്

(B) രാത്രികാലങ്ങളിലാണ് കരക്കാറ്റ് ഉണ്ടാവുന്നത്

(C) രാത്രിയിൽ സമുദ്രത്തിനു മുകളിലുള്ള വായുവിന് കരയിലുള്ള വായുവിനേക്കാൾ ചൂട് കൂടു-തലായിരിക്കും

(A) (a) ശരിയാണ് (b) തെറ്റാണ്

(B) (a) -യും (b) -യും ശരിയാണ്

(C) (a) ശരിയും (c) തെറ്റുമാണ്

(D) (b) -യും (b) -യും ശരിയാണ്

78. വിലയിരുത്തൽ തന്നെ പഠനവുമായി ബന്ധമില്ലാത്ത പ്രസ്താവന ഏത് ?

(A) പഠനം സ്വയം ക്രമീകരിക്കാൻ കഴിയുന്നു

(B) തന്റെ പഠനത്തെകുറിച്ച് കൃത്യതയുള്ള നിരീക്ഷണവും വ്യാഖ്യാനവും

(C) തന്റെ പഠനവിടവ് സ്വയം മനസ്സിലാക്കുന്നു

(D) പഠനപുരോഗതി സ്വയം വിലയിരുത്തുന്നു

79. അപൂർണ്ണ രൂപാന്തരം കാണിക്കുന്ന ജീവികളുടെ ശരിയായ ഗ്രൂപ്പ് ഏത് ?

(A) ഉറുമ്പ്, തവള, ഈച്ച, കൊതുക്

(B) ചിതൽ, തുമ്പി, പുൽച്ചാടി, പാറ്റ

(C) പൂമ്പാറ്റ, തേനീച്ച, കുഴിയാന, ഉറുമ്പ്

(D) കടന്നൽ, ചെള്ള്, ചിതൽ, ഈച്ച

80. താഴെ പറയുന്നവയിൽ പൂക്കൾക്ക് നിറം നൽകുന്ന വർണ്ണവസ്തു ഏതാണ് ?

(A) ആന്തോസയാനിൻ

(B) കെരാറ്റിൻ

(C) റെഡോപ്സിൻ

(D) ക്ലോറോഫിൽ

81. ഈഡിസ് ഈജിപ്തി പരത്തുന്ന രോഗങ്ങൾ ഏത് ?

(A) ഡങ്കി, ചിക്കൻ ഗുനിയ, മഞ്ഞപ്പനി

(B) മലേറിയ, മഞ്ഞപ്പനി, ഡങ്കി

(C) മന്ത്, ചിക്കൻ ഗുനിയ, മലേറിയ

(D) മഞ്ഞപ്പനി, മലേറിയ, ഡങ്കി

82. വൈദ്യുതകാന്തിക സ്പെക്ട്രത്തിലെ പ്രകാശതരംഗങ്ങളുടെ തരംഗദൈർഘ്യം കുറയുന്നതിനനുസരിച്ചുള്ള ക്രമമേത് ?

(A) റേഡിയോ തരംഗങ്ങൾ, ഇൻഫ്രാറെഡ് തരംഗങ്ങൾ, അൾട്രാവയലറ്റ് തരംഗങ്ങൾ, എക്സ് റേ

(B) റേഡിയോ തരംഗങ്ങൾ, അൾട്രാവയലറ്റ് തരംഗങ്ങൾ, എക്സ് റേ, ഇൻഫ്രാറെഡ് തരംഗങ്ങൾ

(C) ഇൻഫ്രാറെഡ് തരംഗങ്ങൾ, റേഡിയോ തരംഗങ്ങൾ, എക്സ് റേ, അൾട്രാവയലറ്റ് തരംഗങ്ങൾ

(D) ഇൻഫ്രാറെഡ് തരംഗങ്ങൾ, അൾട്രാവയലറ്റ് തരംഗങ്ങൾ, എക്സ് റേ, റേഡിയോ തരംഗങ്ങൾ

83. താഴെ നൽകിയവയിൽ ജലത്തിൽ ലയിക്കുന്ന വിറ്റാമിനുകളുടെ ഗ്രൂപ്പ് ഏത് ?

(A) വിറ്റാമിൻ ഇ, വിറ്റാമിൻ സി

(B) വിറ്റാമിൻ കെ, വിറ്റാമിൻ ഡി

(C) വിറ്റാമിൻ ബി ഗ്രൂപ്പ്, വിറ്റാമിൻ എ

(D) വിറ്റാമിൻ ബി ഗ്രൂപ്പ്, വിറ്റാമിൻ സി

84. രേഖാംശവുമായി ബന്ധപ്പെട്ട് ശരിയായതേത് ?

(a) ഭൂമിയുടെ വടക്ക് നിന്നും തെക്ക് ഭാഗത്തേക്ക് പോകുന്ന സാങ്കൽപ്പിക രേഖകൾ

(b) ഭൂമദ്ധ്യരേഖയെ 90 ഡിഗ്രിയിൽ മുറിച്ച് കടക്കുന്നു

(c) ഒരിക്കലും കൂട്ടിമുട്ടാത്ത സമാന്തര രേഖകളാണ് രേഖാംശങ്ങൾ

(A) (a) - യും (b) - യും

(B) (a) - യും (c) - യും

(C) (a) മാത്രം

(D) (a) - യും (b) - യും (c) - യും

85. കേരളത്തിൽ കാണപ്പെടുന്ന ഏറ്റവും വലിയ ചിത്രശലഭം താഴെ പറയുന്നവയിൽ ഏതാണ്?

(A) ചക്കരശലഭം

(B) ഗരുഡശലഭം

(C) കൃഷ്ണശലഭം

(D) വിലാസിനി

86. ഉപകരണങ്ങൾ രൂപകൽപന ചെയ്യൽ എന്ന ശേഷി പരിസരപഠന സമീപനത്തിലെ ഏത് മേഖലയിലാണ് ഉൾപ്പെട്ടിട്ടുള്ളത് ?

(A) സർഗാത്മകമേഖല

(B) വിജ്ഞാനമേഖല

(C) പ്രയോഗമേഖല

(D) പ്രക്രിയാമേഖല

87. ഇന്ത്യൻ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട ശരിയായ കാലക്രമമേത് ?

(A) ചമ്പാരൻ സത്യാഗ്രഹം, ദണ്ഡി മാർച്ച്, ജാലിയൻവാലാ ബാഗ് കൂട്ടക്കൊല, നിസ്സഹരണസമരം, ക്വിറ്റ് ഇന്ത്യാ സമരം

(B) ചമ്പാരൻ സത്യാഗ്രഹം, നിസ്സഹരണസമരം, ജാലിയൻവാലാ ബാഗ് കൂട്ടക്കൊല, ദണ്ഡി മാർച്ച്, ക്വിറ്റ് ഇന്ത്യാ സമരം

(C) ചമ്പാരൻ സത്യാഗ്രഹം, ജാലിയൻവാലാ ബാഗ് കൂട്ടക്കൊല, നിസ്സഹരണസമരം, ദണ്ഡി മാർച്ച്, ക്വിറ്റ് ഇന്ത്യാ സമരം

(D) ചമ്പാരൻ സത്യാഗ്രഹം, ജാലിയൻവാലാ ബാഗ് കൂട്ടക്കൊല, ദണ്ഡി മാർച്ച്, നിസ്സഹരണസമരം, ക്വിറ്റ് ഇന്ത്യാ സമരം

88. താഴെ പറയുന്നവയിൽ സൂര്യഗ്രഹണവുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവന ഏത് ?

(A) സൂര്യനോടൊപ്പം ചന്ദ്രനും ഉദിക്കുന്നു

(B) സൂര്യനും ഭൂമിക്കും ഇടയിലാണ് ചന്ദ്രന്റെ സ്ഥാനം

(C) അമാവാസിയിലാണ് സൂര്യഗ്രഹണം നടക്കുന്നത്

(D) സൂര്യാസ്തമയ സമയത്താണ് ചന്ദ്രനുദിക്കുന്നത്

89. നിരീക്ഷിക്കൽ എന്ന പ്രക്രിയാശേഷിയുടെ സൂചകമല്ലാത്തത് ഏതാണ് ?

(A) വസ്തുക്കളെ തിരിച്ചറിയുന്നു

(B) അനുയോജ്യമായ ഇന്ദ്രിയങ്ങളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു

(C) വസ്തുക്കളുടെ സ്വഭാവങ്ങൾ കൃത്യതയോടെ വിശദീകരിക്കുന്നു

(D) ആവശ്യമായ ദത്തങ്ങൾ തിരിച്ചറിഞ്ഞ് വ്യാഖ്യാനിക്കുന്നു

90. പരിസരപഠന ക്ലാസ്സിൽ കുട്ടികളുടെ പ്രതികരണത്തിന് കൂടുതൽ പ്രാധാന്യം നൽകണമെന്ന് പറയുന്നതെന്തുകൊണ്ട് ?

(a) കുട്ടികളുടെ ചിന്താരീതി മനസ്സിലാക്കുന്നതിന്

(b) കുട്ടികൾ നൽകുന്ന ഉത്തരങ്ങളുടെ ശരി തെറ്റുകൾ മനസ്സിലാക്കുന്നതിന്

(c) കുട്ടികളുടെ മനസ്സിൽ നടക്കുന്ന പ്രക്രിയ അറിയുന്നതിന്

(A) (a) - യും (b) - യും

(B) (a) - യും (c) - യും

(C) (b) - യും (c) - യും

(D) (a) - യും (b) - യും (c) - യും

## PART - 2
## Malayalam
## Question Numbers 91 to 120

**ചുവടെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് 91 മുതൽ 95 വരെ ചോദ്യങ്ങളുടെ ഏറ്റവും ശരിയായ ഉത്തരം കണ്ടെത്തുക.**

അനവധിയായ പദ്യ രൂപങ്ങളിലൂടെയും വൃത്തഘടനകളിലൂടെയും പരിണമിച്ച ചരിത്രമാണ് മലയാളകവിതയ്ക്കുമുള്ളത്. ഇനി, നമുക്ക് ഈ പാരമ്പര്യത്തെ ഒന്നടുത്തുനിന്നു കാണാൻ ശ്രമിക്കാം. നമുക്ക് ദ്രാവിഡവൃത്തങ്ങളും സംസ്കൃതവൃത്തങ്ങളുമുണ്ട്. കേക, കാകളി, മണികാഞ്ചി, കാളകാഞ്ചി, നതോന്നത, അന്നനട തുടങ്ങിയ ഭാഷാവൃത്തങ്ങളാണ് ദ്രാവിഡ വൃത്തങ്ങൾ. നമ്മൾ സംസ്കൃത പാരമ്പര്യത്തിൽ നിന്നു കടം കൊണ്ടവയാണ് ഇന്ദ്രവജ്ര, ഉപേന്ദ്രവജ്ര, ഉപജാതി, അനുഷ്ടുപ്പ്, മന്ദാക്രാന്ത, വിയോഗിനി, രഥോദ്ധത, മാലിനി മുതലായ സംസ്കൃതവൃത്തങ്ങൾ. എഴുത്തച്ഛന്റെ കിളിപ്പാട്ടുകളെല്ലാം ദ്രാവിഡവൃത്തങ്ങളിലാണ് എഴുതപ്പെട്ടിരിക്കുന്നത്. സംസ്കൃത വൃത്തങ്ങളെയപേക്ഷിച്ച് കാർക്കശ്യം കുറഞ്ഞ, അയഞ്ഞ ഘടനയാണ് ദ്രാവിഡവൃത്തങ്ങളുടേത്; കൂടുതൽ സംഗീതാത്മകവും. നിലവിലുള്ള ദ്രാവിഡവൃത്തങ്ങൾക്കൊപ്പം നാടൻശീലുകളും അവയിൽ ലീനമായ വൃത്തതാളഘടനകളും പരമാവധി ചൂഷണം ചെയ്യുന്നതിലൂടെയാണ് ചങ്ങമ്പുഴ, മലയാള കവിതയിൽ ഗാനസാന്ദ്രമായ ഒരു കാലംതന്നെ സൃഷ്ടിച്ചത്. ദ്രാവിഡവൃത്തമായ മഞ്ജരിയുടെ ചാരുവായ പ്രയോഗത്തിലൂടെ താരാട്ടീണത്തിന്റെ ലാഘവവും മാധുര്യവും നിറഞ്ഞ ഒരു മഹാകാവ്യം - കൃഷ്ണഗാഥ - തന്നെ സൃഷ്ടിച്ച ചെറു

ശ്ശേരിയാണ് നമ്മുടെ കവിതയിൽ ഈ പാരമ്പര്യത്തിന്റെ അങ്ങേത്തലയ്ക്കൽ നിൽക്കുന്നത്. ചെറുശ്ശേരി, വള്ളത്തോൾ, ചങ്ങമ്പുഴ എന്നീ മൂന്നു കവികളെയും നമുക്ക് വേണമെങ്കിൽ മറ്റൊരു 'കവിത്രയ'മായിക്കാണാം.

**91. മലയാളകവിതയിലെ ഗാനസാന്ദ്രമായ പാരമ്പര്യത്തിന്റെ അങ്ങേത്തലയ്ക്കലെ കണ്ണിയായി പറയുന്നത് ആരെയാണ്?**

(A) ചങ്ങമ്പുഴയെ

(B) വള്ളത്തോളിനെ

(C) ചെറുശ്ശേരിയെ

(D) എഴുത്തച്ഛനെ

**92. ലേഖകന്റെ അഭിപ്രായത്തിൽ ചങ്ങമ്പുഴ, കവിതയിൽ ഗാനാത്മകത സൃഷ്ടിച്ചത് എങ്ങനെയാണ്?**

(A) ദ്രാവിഡ വൃത്തങ്ങൾക്കൊപ്പം സംസ്കൃതവൃത്തങ്ങളുടെ സംഗീതാത്മകതയും ചൂഷണം ചെയ്തു.

(B) ദ്രാവിഡ വൃത്തങ്ങളും നാടൻശീലുകളുടെ താളഘടനകളും ഉപയോഗിച്ച്

(C) മഞ്ജരിയുടെ മനോഹരമായ പ്രയോഗത്തിലൂടെ

(D) സംസ്കൃതവൃത്തങ്ങളുടെ അയവാർന്ന ഘടന പ്രയോജനപ്പെടുത്തി

**93. സംസ്കൃതവൃത്തങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഭാഷാവൃത്തങ്ങൾക്കുള്ള പ്രത്യേകതകൾ എന്തെല്ലാം ?**

(A) കൂടുതൽ കാർക്കശ്യമുള്ള ഘടനയും കുറഞ്ഞ സംഗീതാത്മകതയും

(B) ഗാനരീതിക്ക് പ്രാധാന്യം ഉണ്ടെങ്കിലും ഘടന വളരെ ദൃഢമാണ്.

(C) ഘടന അയവാർന്നതാണെങ്കിലും സംഗീതാത്മകത കുറവാണ്.

(D) അയവാർന്ന ഘടനയും കൂടുതൽ സംഗീതാത്മകതയും ഉണ്ട്

**94. സംകൃതത്തിൽ നിന്ന് നാം കടംകൊണ്ട വൃത്തങ്ങളിൽ പെടുന്നത് ഏത്?**

(A) അന്നനട

(B) മാലിനി

(C) കാകളി

(D) കേക

**95. മറ്റൊരു കവിത്രയമായി കാണാം എന്ന് ലേഖകൻ പറയുന്നത് ആരെയെല്ലാം ?**

(A) എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ, ചെറുശ്ശേരി

(B) കുമാരനാശാൻ, ഉള്ളൂർ, വള്ളത്തോൾ

(C) ചെറുശ്ശേരി, വള്ളത്തോൾ, ചങ്ങമ്പുഴ

(D) എഴുത്തച്ഛൻ, വള്ളത്തോൾ, ചങ്ങമ്പുഴ

**ചുവടെ കൊടുത്ത കവിതാഭാഗം വായിച്ച് 96 മുതൽ 100 വരെ ചോദ്യങ്ങളുടെ ഏറ്റവും ശരിയായ ഉത്തരം കണ്ടെത്തുക**

മുക്കുറ്റി മുറ്റത്തു വിളക്കുവെച്ചു,
പൂത്തുമ്പ പൂവിട്ടു പറമ്പുതോറും
പാടത്തു ചാലിൻ ചരിവിങ്കലെല്ലാം
ചിറ്റാട പട്ടാടയെടുത്തു ചാർത്തി
മന്ദാരപുഷ്പാസവമാസ്വദിച്ചു
മദിച്ചുരുവുന്നിതു വണ്ടിനങ്ങൾ
"മാലോകരെല്ലാമെതിരേറ്റു ചെൽവിൻ
മാവേലി വന്നു മലനാടു കാണ്മാൻ"
പൂവട്ടിയിൽ പൂക്കളറുത്തിടുന്നു
പൂവിട്ടു മുറ്റത്തിനു പൊട്ടിടുന്നു
ഓണക്കളിപ്പാട്ടുകൾ പാടിടുന്നു
ഓമൽക്കിടാങ്ങൾക്കിനിയെന്തു ഘോഷം !
ക്രീഡിച്ചു കൊൾവിൻ കുസുമങ്ങളൊത്തെൻ
കിടാങ്ങളേ ഞങ്ങളെയോർത്തിടാതെ;
നിങ്ങൾക്കു പൂമാരിയുതിർന്ന ചിങ്ങം
ഞങ്ങൾക്ക് പേമാരി മുതിർന്ന രംഗം
സുവർണ്ണമല്ലീകുസുമത്തിനൊക്കും
പൊന്നോണ വെയിലേ വിരിയൂ, വിളങ്ങൂ
രാവിൽക്കവുങ്ങിൻ മലർതൂവി മെല്ലെ-
ന്നാവിർഭവിക്കു കുളിർവെണ്ണിലാവേ !

96. വണ്ടുകൾ എങ്ങനെയാണ് മദിച്ചത്?

(A) പൂക്കളത്തിന്റെ ചാരുത കണ്ടിട്ടാണ്

(B) ഓണക്കാലം ആയതിനാലാണ്

(C) പുഷ്പാസവം ആസ്വദിച്ചാണ്

(D) മാവേലിമന്നന്റെ വരവു കണ്ടിട്ടാണ്

97. ഓമൽക്കിടാങ്ങൾക്കിനിയെന്തു ഘോഷം !

– ഈ വരിയുടെ ആശയമെന്ത് ?

(A) പേമാരി കുട്ടികളുടെ ഓണക്കാലത്തിന്റെ സന്തോഷമെല്ലാം തകർത്തുകളഞ്ഞു.

(B) കുട്ടികൾക്ക് ഓണത്തേക്കാൾ വലിയ ആഘോഷം വേറെയില്ല.

(C) കുട്ടികൾക്ക് ഓണാഘോഷം മടുത്തിരിക്കുന്നു

(D) കുട്ടികൾക്ക് ഇനിയെന്താണ് ആഘോഷിക്കാനുള്ളത് എന്നറിയില്ല

98. പട്ടാണിയുടുത്തു നിൽക്കുന്നതായി കവി വർണിച്ചിരിക്കുന്നത് എന്തിനെ ?

(A) മന്ദാരത്തെ

(B) മുക്കുറ്റിയെ

(C) പൂത്തുമ്പയെ

(D) ചിറ്റാടയെ

99. കുട്ടികളോടുള്ള കവിയുടെ ആഹ്വാനം എന്താണ് ?

(A) കളിച്ചു രസിക്കാൻ

(B) മാവേലിയെ വാഴ്ത്തിപ്പാടാൻ

(C) മാവേലിയെ എതിരേൽക്കാൻ

(D) മുതിർന്നവരുടെ സങ്കടങ്ങളിൽ കൂട്ടുചേരാൻ

100. പൊന്നോണവെയിലിനെ കവി വർണിച്ചിരിക്കുന്നതെങ്ങനെ?

(A) സുവർണ്ണമല്ലിപ്പൂപോലെവിളങ്ങുന്നു

(B) പൊന്നോണം വിരിയുന്നത് വെയിലിലാണ്

(C) പൊന്നോണവെയിലു പോലെയാണ് പൂക്കൾ വിരിയുന്നത്

(D) പൊന്നോണവെയിൽ കുസുമത്തിന് തുല്യമാണ്

101. 'അങ്കവും കാണാം താലിയും ഒടിക്കാം'

- ഈ പഴഞ്ചൊല്ലിന്റെ ആശയം എന്ത് ?

(A) പരസ്പരബന്ധമില്ലാത്ത കാര്യങ്ങൾ ചെയ്യരുത്

(B) വിവേകമില്ലാത്ത പ്രവൃത്തി

(C) അത്യാഗ്രഹം വിനയായിത്തീരും

(D) രണ്ടുകാര്യം ഒറ്റ പ്രവൃത്തികൊണ്ട് സാധിക്കുക

102. ഭാഷാ പ്രോജക്റ്റ് പ്രവർത്തനത്തിന്റെ റിപ്പോർട്ട് അവതാരണഘട്ടത്തിൽ വിലയിരുത്തേണ്ട ശേഷികളിൽ പെടാത്തത് ഏത് ?

(A) ഉള്ളടക്കപരമായ ധാരണയും ആശയവിനിമയ ശേഷിയും

(B) കണ്ടെത്തലുകളെ തെളിവുകളുടെ പിൻബലത്തോടെ സാധൂകരിക്കാനുള്ള ശേഷി

(C) ഉചിതമായ പഠനരീതി നിശ്ചയിക്കാനുള്ള കഴിവ്

(D) പങ്കാളികളുടെ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും തൃപ്തികരമായ വിശദീകരണം നൽകാനുള്ള ശേഷി

103. പട്ടുകിടക്ക മേലെ കിടക്കുന്ന നീ

പട്ടുകിടക്കുമാറായിതോ ചോരയിൽ!

അടിവരയിട്ട പ്രയോഗത്തിന്റെ കാവ്യ സന്ദർഭത്തിലെ അർഥം എന്ത്?

(A) അന്ത്യനിദ്ര കൊള്ളുക

(B) പട്ടുമെത്തയിൽ കിടക്കുക

(C) തളർന്നു കിടക്കുക

(D) മരണം കാത്തുകിടക്കുക

104. "അന്യജീവനുതകി സ്വജീവിതം

ധന്യമാക്കുമമലേ വിവേകികൾ " - ഈ വരികളുടെ ആശയത്തിന് സമാനമായ വരികൾ ചുവടെ കൊടുത്തവയിൽ നിന്ന് കണ്ടെത്തുക

(A) പ്രത്യുപകാരം ചെയ്യാത്ത പുരുഷൻ

ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും

(B) അവനവനാത്മ സുഖത്തിനായാചരിയ്ക്കു -

ന്നവയപരന്നു സുഖത്തിനായ് വരേണം

(C) സ്നേഹം നരകത്തിൻദ്വീപിലും

സ്വർഗഗേഹം പണിയും പടുത്വം

(D) സ്നേഹത്തിൽ നിന്നില്ലല്ലോ മറ്റൊന്നും ലഭിച്ചിടാൻ

സ്നേഹത്തിൻഫലം സ്നേഹം; ജ്ഞാനത്തിൻ ഫലം ജ്ഞാനം

105. ചുവടെ കൊടുത്തതെവയിൽ ശരിയായ ജോഡി ഏത്?

(A) കണ്ണീരും കിനാവും - ജീവചരിത്രം

(B) കൈരളിയുടെ കഥ - നോവൽ

(C) പാട്ടുബാക്കി - നാടകം

(D) അക്കർമാശി - കവിതാസമാഹാരം

106. ആരെയും വിശ്വാസത്തിലെടുക്കാനാവാത്ത അവസ്ഥ എന്ന അർഥമുള്ള ശൈലി ഏതാണ്?

(A) കയ്യാലപ്പുറത്തെ തേങ്ങ

(B) ചുവർപോലും ശത്രുവാകുക

(C) കടലും കടലാടിയും പോലെ

(D) അത്തും പുത്തും പറയുക

107. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായി എഴുതിയ വാക്ക് ഏത്?

(A) വ്യത്യസ്ഥം

(B) സ്രഷ്ടാവ്

(C) അഥിതി

(D) അന്വോഷണം

108. ചുവടെ കൊടുത്തിരിക്കുന്നവയിൽ ശരിയായ വാക്യം ഏത് ?

(A) കുട്ടി പുസ്തകത്തെ വലിച്ചുകീറി

(B) ഏതൊരു വിദ്യാർത്ഥികൾക്കും അറിയുന്ന കാര്യമാണ്

(C) ജനാധിപത്യവിരുദ്ധശക്തികളെ തീർച്ചയായും എതിർക്കുക തന്നെ വേണം

(D) ഗദ്യരചനയിൽ പ്രാസം ഒഴിവാക്കണമെന്ന് പലരും പറയാറുണ്ട്

109. ദൃശ്യസ്ഥലപരമായ ബുദ്ധിയുടെ വികാസത്തിനായി ഭാഷാക്ലാസ്സിൽ പ്രയോജനപ്പെടുത്താവുന്ന പ്രവർത്തനമേത് ?

(A) കൊളാഷ് തയ്യാറാക്കുക

(B) സെമിനാർ സംഘടിപ്പിക്കുക

(C) അഭിമുഖം നടത്തുക

(D) സംവാദങ്ങളിൽ പങ്കെടുക്കുക

110. കവിതയുടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കാനുള്ള പ്രവർത്തനം നടത്തുമ്പോൾ കേൾവി പരിമിതിയുള്ള കുട്ടികൾക്ക് ആശയം, വർണ്ണന എന്നിവ ഉൾക്കൊള്ളുന്നതിന് പ്രയോജനപ്പെടുത്താവുന്ന ഏറ്റവും നല്ല മാർഗ്ഗം ?

(A) ഉചിതമായ വീഡിയോ, ചിത്രങ്ങൾ എന്നിവ ഉപയോഗിക്കുക

(B) ടീച്ചർ കവിത ഈണത്തിൽ ചൊല്ലിക്കൊടുക്കുക

(C) കവിതയുടെ ആശയം ടീച്ചർ വിശദീകരിക്കുക

(D) ലഘു ചോദ്യങ്ങൾ ഉന്നയിച്ച് വിശകലനം ചെയ്യുക

111. പ്രാഥമിക ക്ലാസ്സുകളിലെ ഭാഷാനുഭവങ്ങൾ കുട്ടിയുടെ മനസ്സിൽ തങ്ങി നിൽക്കണമെങ്കിൽ അധ്യാപികയുടെ അവതരണത്തിന് ഉണ്ടാകേണ്ട ഗുണങ്ങളിൽ പെടാത്തത് ?

(A) ജിജ്ഞാസ ഉണർത്തുന്ന കാര്യങ്ങൾ ഉണ്ടാവണം

(B) ഭാവന ഉണർത്തുന്ന ഉള്ളടക്കം ഉണ്ടാവണം

(C) ചിന്താദ്ദീപകമായ ചോദ്യങ്ങൾ ഉന്നയിക്കണം

(D) എല്ലാ അറിവും പഠിതാവിലേയ്ക്ക് പകരാൻ കഴിയണം

112. സംസാരകാരിണിയായതവിദ്യയും

സംസാരനാശിനിയായതു വിദ്യയും

- ഈ വരികളുടെ സമാനത്താളത്തിലുള്ള വരികൾ കണ്ടെത്തുക

(A) തൊട്ടിലാട്ടും ജനനിയെ പെട്ടെന്നു

തട്ടിനീക്കി രണ്ടോമനക്കൈയുകൾ

(B) ആരൊരാളെൻ കുതിരയെക്കെട്ടുവാൻ

ആരൊരാളതിൻ മാർഗം മുടക്കുവാൻ

(C) പൊന്നാണിഞ്ഞാനകൾ മുൾത്തടി കൈക്കൊണ്ടു

പൊന്നിൻമലകൾ നടക്കുന്നതുപോലെ

(D) ഞാനൊരു കല്പാന്തം പാറയായ് നില്ക്കേണ്ട

സൂനമായൊറ്റനാൾ നിന്നാൽ പോരും

113. സർവഭാഷാവ്യാകരണസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ് ആര് ?

(A) പൗലോ ഫ്രയർ

(B) ബി.എഫ്.സ്കിന്നർ

(C) നോം ചോംസ്കി

(D) ഇ.ജി. കോഹൻ

114. ക്ലാസ്സിൽ നടപ്പിലാക്കിയ പഠനപ്രവർത്തനങ്ങൾ വിലയിരുത്തിയതിന്റെ ഭാഗമായി ലഭിച്ച തിരിച്ചറിവുകൾ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന രേഖ ഏതാണ് ?

(A) സമഗ്രാസൂത്രണരേഖ

(B) പോർട്ട് ഫോളിയോ

(C) പ്രതിഫലനക്കുറിപ്പ്

(D) ഭാഷാപഠനരേഖ

115. ചുവടെ നൽകിയവയിൽ 'ഒരു' എന്ന വിശേഷണം നിന്ദാസൂചകമായി വരുന്ന വാക്യം ഏത്?

(A) അയാളും ഒരു പണ്ഡിതൻ

(B) അതോടെ അയാൾ ഒരു ആളായി

(C) ചെറിയ ഒരു സൽക്കാരം

(D) ഞാൻ ഒരു കണക്കിൽ എത്തി

116. ചുവടെ കൊടുത്തവയിൽ ലോവർ പ്രൈമറി ക്ലാസ്സിലെ ഭാഷാപഠന പ്രക്രിയയിൽ താരതമ്യേന പ്രസക്തമല്ലാത്തത് ഏത് ?

(A) കഥാകഥനം, കാവ്യാലാപനം എന്നിവയ്ക്ക് അവസരം നൽകണം

(B) ചർച്ചകൾക്കും ആശയങ്ങളുടെ പങ്കുവെക്കലിനും ഇടമുണ്ടാവണം

(C) അഭിനയം തുടങ്ങിയ സർഗാത്മക പ്രകടനങ്ങൾക്ക് ഇടമുണ്ട്

(D) ആവർത്തനത്തിനും പ്രബലനത്തിനും പ്രാധാന്യം നൽകണം

117. കുട്ടികൾക്ക് അക്ഷരതലത്തിൽ വരുന്ന പിഴവുകൾ പരിഹരിക്കുന്നതിന് യോജിച്ച രീതി ഏത്?

(A) തുടർച്ചയായി കേട്ടെഴുത്ത് നടത്തുക

(B) അത്തരം പദങ്ങൾ ആവർത്തിച്ച് പകർത്തിയെഴുതിക്കുക

(C) അക്ഷരത്തെറ്റുകൾ തീർത്തും അവഗണിക്കുക

(D) ഭാഷാകേളികൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുക

118. ചുവടെ പിരിച്ചെഴുതിയവയിൽ ശരിയായ ജോഡി ഏത് ?

(A) എണ്ണൂറ് - എട്ട്, നൂറ്

(B) വിദ്യുച്ഛക്തി - വിദ്യു, ശക്തി

(C) കൈയകലം - കൈ,അകലം

(D) പാറക്കെട്ട് - പാറ, ക്കെട്ട്

119. കടുത്ത ഭാഷണവൈകല്യം ഉള്ള കുട്ടികൾക്ക് വാചികപ്രവർത്തനങ്ങളിൽ പങ്കാളിത്തം നൽകുന്നതിന് സ്വീകരിക്കാവുന്ന ശരിയായ മാർഗ്ഗം ഏത് ?

(A) നിർബന്ധിച്ച് പറയിപ്പിക്കുക

(B) പഠനസാമഗ്രികളിൽ ചിത്രങ്ങൾ ഉൾപ്പെടുത്തുക

(C) ശ്രവണസഹായികൾ ലഭ്യമാക്കുക

(D) എഴുതി പ്രകടിപ്പിക്കാൻ അവസരം നൽകുക

120. ബഹുമുഖബുദ്ധിവികാസത്തിന് യോജിച്ച ക്ലാസ്സ്റൂം പ്രവർത്തനം ഏത് ?

(A) പാഠഭാഗം - കവിത, ചിത്രം, നാടകം തുടങ്ങി വ്യത്യസ്ത രീതിയിൽ ആവിഷ്കരിക്കാൻ അവസരം നൽകുന്നു

(B) അധ്യാപിക പാഠഭാഗങ്ങൾ സൂക്ഷ്മമായി ഉദാഹരണസഹിതം വിശദീകരിക്കുന്നു

(C) ബൗദ്ധിക പരിമിതിയുള്ള കുട്ടികൾക്കായി പ്രത്യേക കോച്ചിംഗ് നൽകുന്നു

(D) പാഠഭാഗങ്ങൾ പ്രഭാഷണരീതിയിൽ ആവർത്തിച്ച് പഠിപ്പിക്കുന്നു

## PART - 2
## English
## Question Numbers 121 to 150

**Questions 121-126: Read the passage given and answer the questions that follow.**

I have always preferred to work alone. When my teacher makes us do group projects, I groan. This is because I usually end up doing way more work than my partners. I have never experienced an equal partnership. I know such partnerships exist theoretically, but until I find one, I will work alone.

In the animal world, this would make me incredibly unusual. Very few animals work or

live alone. Some might call me a "lone wolf" because I prefer working alone, but this term is not grounded in truth: wolves usually live and hunt in packs. The idea of a lone wolf, then, is somewhat ridiculous.

Other animal species are similar: fish travel in schools, wheals swim in pods, geese travel in flocks, and lions live in prides.

Insects, too, often live in large groups. For example, ants and termits live in colonies. Bees and wasps live in hives. However, some bugs do live and hunt alone. Praying mantises and butterflies, for instance, are usually alone.

Great white sharks spend decades alone. Spiders are always solitary – they live alone on their own webs and trap their own food, never sharing it with anyone.

As someone who likes working alone, this puts me in unfortunate company. Even though wolves are not truly "lone" creatures, I would much rather be called a lone wolf than a lone spider!

121. **Why does the narrator say that he is put in unfortunate company?**

(A) **The living things that can be compared to him are unlucky and fierce.**

(B) **The living things that can be compared to him are big and cruel.**

(C) **The living things that can be compared to him are ugly to watch**

(D) **The living things that can be compared to him are not welcomed by humans.**

122. **Accourding to the passage, fish travel in schools. Here schools means _______.**

(A) **individually under water**

(B) **quite agile and fast**

(C) **together in large number**

(D) **in seperate families**

123. **In the first paragraph the narrator says that __________.**

(A) **he loves doing group projects**

(B) **he loves doing more work**

(C) **he loves working alone**

(D) **he loves groaning**

124. **Identify the word which DOES NOT mean 'alone'.**

(A) **incredibly**

(B) **lonely**

(C) solitary

(D) lone

125. According to the narrator, the term "lone wolf" is ___________.

(A) not offensive

(B) not figurative

(C) not pleasing

(D) not true

126. Most animals, insects and fish live ___________.

(A) in groups

(B) in burrows

(C) in secluded places

(D) in undetected places

Questions 127-150 : Choose the best options from the ones given along with each question.

127. Identify the sentence that expresses disagreement from the ones given below.

(A) Would you mind moving a bit ?

(B) You should not behave like that

(C) You say he is a good man, but I beg to differ

(D) Let's do it now.

128. Identify the disyllabic word from the following ones.

(A) poem

(B) quality

(C) strength

(D) ring

129. 'Are you listening?' she asked him. This can be reported as _____________.

(A) She asked him if he is listening.

(B) She asked him if he has listened.

(C) She asked him if he was listening

(D) She asked him if he listened.

130. If a teacher introduces concepts and generalizations first to the learners, she is following ....................

(A) inductive method of teaching

(B) deductive method of teaching

(C) situational method of teaching

(D) discourse method of teaching

131. If you want to edit a video by adding titles, background music and narration which one of the following software you can make use of?

(A) Audacity

(B) Handbreak

(C) Gymp

(D) Kdenlive

132. Which of the following is an example for formative evaluation ?

(A) Scholarship examination

(B) Public examination

(C) Asking children to prepare a concept map

(D) Asking children to participate in co-curricular activities

133. _________ is a genetic disorder caused when abnormal cell division results in extra genetic material from chromosome 21.

(A) Dyslexia

(B) Dyscalculia

(C) Down Syndrome

(D) Autism spectrum disorder

134. The book follows the fortunes and ________ of two families. Fill in the blanks using the word opposite in meaning to 'fortunes'.

(A) misfortunes

(B) unfortunes

(C) disfortunes

(D) infortunes

135. Pick out the sentence that is acceptable, out of the following.

(A) She has been working here for three years.

(B) She has been working here since three years

(C) She is working here for three years

(D) She works here for three years.

136. Which of the following can express a suggestion ?

(A) You should consult a doctor

(B) Why don't you come with us?

(C) You can take it

(D) You must polish your shoes

137. The method that assumes a human being can be trained using a system of reinforcement is __________

(A) suggestopedia

(B) the audio-lingual method

(C) total physical response

(D) the silent way

138. Pick out the word which is correctly spelled

(A) recieve

(B) receive

(C) receve

(D) riceive

139. He is a member of the <u>fourth estate</u>. The underlined prase means __________

(A) aristocracy

(B) press

(C) team

(D) industry

140. Syam has not done anything _________ last year.

(A) when

(B) since

(C) for

(D) though

141. Would you mind __________

(A) to open the door ?

(B) opening the door ?

(C) open the door ?

(D) opened the door ?

142. They led tha march, ________?

(A) do they?

(B) did they ?

(C) don't they?

(D) didn't they?

143. If she had asked me _______.

(A) I would tell her

(B) I will tell her

(C) I would told her

(D) I would have told her

144. The expression 'leave no stone unturned' in the sentence, 'I'll leave no stone unturned until I find out who did this.' Means ___________.

(A) investigate thoroughly

(B) expose the truth

(C) do everything possible

(D) clear the confusion

145. I will go _________ you

(A) along

(B) by

(C) out

(D) with

146. You need to abandon all your bad habits. Identify the phrase that can replace 'abandon'.

(A) give in

(B) give up

(C) give away

(D) give along

147. The error a learner commits in writing such as, 'Icwrited ir.' is an example for ______.

(A) morphological error

(B) syntactical error

(C) punctuation error

(D) usage error

148. Pick out the sentence that is similar in meaning to, 'They have published the book'.

(A) The book was published

(B) The book is published

(C) The book has been published

(D) The book had been published

149. If you read a text by skipping the datails and focusing on the main idea only, you can call it __________.

(A) skimming

(B) scanning

(C) intensive reading

(D) extensive reading

150. Which of the following is NOT an example for a language discourse ?

(A) letter

(B) short story

(C) profile

(D) relative clause